**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4882** **20-07-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന് പുതിയ സംവിധാനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് നിയമനം നടത്തി അപ്രൂവലിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അനുമതി ലഭിക്കാത്തതുമൂലം നിയമനം ലഭിച്ച അദ്ധ്യാപകർ വിഷമാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം അപേക്ഷകൾ അദാലത്തിലൂടെ പരിഗണിച്ച് അർഹതയുള്ള അപേക്ഷകൾ തീർപ്പാക്കി നിയമന ഉത്തരവ് അംഗീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | അർഹതയുള്ള അപേക്ഷകൾ നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും, കോടതി വിധിയുടെയും അടിസ്ഥാനത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാനേജ്മെന്റുകൾ നടത്തുന്ന നിയമനങ്ങൾ മൂലമുണ്ടാകുന്ന ഉദ്യോഗാർത്ഥികളുടെ വിഷമതകൾ പരിഗണിച്ച് നിയമന അപേക്ഷകൾ സർക്കാർ അനുമതിയോടുകൂടി മാത്രം സ്വീകരിക്കാവുന്ന സംവിധാനം നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | വ്യവസ്ഥാപിതമായ ഒഴിവുകളിലേക്ക് മാത്രം നിയമനം നടത്താൻ സാധിക്കുന്ന രീതിയിൽ "സമന്വയ സോഫ്റ്റ് വെയറിൽ” ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ